# Visit of Prime Minister of Israel to India (April 3 - 5, 2022)

March 22, 2022

## ഇസ്രായേൽ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം (ഏപ്രിൽ 3 - 5, 2022)

2022 മാർച്ച് 22

1. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം 2022 ഏപ്രിൽ 3-5 തീയതികളിൽ ഇസ്രായേൽ പ്രധാനമന്ത്രി നഫ്താലി ബെന്നറ്റ് ഇന്ത്യ സന്ദർശിക്കും. 2021 നവംബറിൽ ഗ്ലാസ്ഗോയിൽ സി ഓ പി 26-ന്റെ ഭാഗമായി ഇരു നേതാക്കളും നേരത്തെ കൂടിക്കാഴ്ച നടത്തിയിരുന്നു. കൂടാതെ 2021 ഓഗസ്റ്റ് 16-ന് ഇവർ തമ്മിൽ ടെലഫോൺ സംഭാഷണവും നടത്തിരുന്നു

2. പ്രധാനമന്ത്രി എന്ന നിലയിൽ ഇന്ത്യയിലേക്കുള്ള ബെന്നറ്റിന്റെ ആദ്യ സന്ദർശനമാണിത്. ഇന്ത്യയും ഇസ്രായേലും തമ്മിലുള്ള സമ്പൂർണ നയതന്ത്ര ബന്ധത്തിന്റെ 30 മത് വാർഷികവും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 മത് വാർഷികവും ചേരുന്ന അവസരത്തിലാണ് ഈ സന്ദർശനം.

3. 2017 ജൂലൈയിൽ പ്രധാനമന്ത്രി മോദിയുടെ ഇസ്രായേൽ സന്ദർശന വേളയിൽ ഇന്ത്യയും ഇസ്രായേലും തങ്ങളുടെ ഉഭയകക്ഷി ബന്ധത്തെ നയതന്ത്ര പങ്കാളിത്തത്തിലേക്ക് ഉയർത്തിയിരുന്നു . അതിനുശേഷം, നവീകരണത്തിലും ഗവേഷണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇരു രാജ്യങ്ങളും വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥകൾ എന്ന നിലയിലുള്ള തങ്ങളുടെ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് തുടർന്ന് കൊണ്ടിരിക്കുന്നു.

4. ഇസ്രായേൽ പ്രധാനമന്ത്രിയുടെ സന്ദർശനം കൃഷി, ജലം, വ്യാപാരം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക വിദ്യ തുടങ്ങിയ വിവിധ മേഖലകളിലെ നമ്മുടെ മികച്ച ഉഭയകക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂ ഡെൽഹി
2022 മാർച്ച് 22

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.